# സ്വപ്ന ജീവിതം

അമിട്ടുകളും വാണങ്ങളും നിറയ്ക്കുന്നത് കരിമരുന്നു കൊണ്ടാണ്.  തീ കൊടുത്ത്, വാനത്ത് ചെന്ന് പൊട്ടി വിടരുമ്പോൾ എന്തെല്ലാം മായാക്കാഴ്ചകളാണ് കിട്ടുന്നത്, എത്രയേറെ വർണ്ണങ്ങൾ, ശബ്ദവിന്ന്യാസങ്ങൾ, അവാച്യം.....  മഹത്തരം.....മഹത്തരം എന്ന് പറഞ്ഞ് കാണികൾ ആർത്തുല്ലസിക്കും.  വർണ്ണങ്ങൾ പെയ്ത് തീർന്ന്, ശബ്ദങ്ങൾ ഒഴുകി അകന്ന് കഴിയുമ്പോൾ ആകെ ഒരു ഇരുളിമ, തറയിൽ കുറച്ച് ചാരം മാത്രം അവശേഷിക്കും.

ഞാനും ഒരു സ്വപ്ന ജീവിതം കെട്ടിപ്പടുത്തിരുന്നു, ഇന്നലെ.  ഇന്ന് കണ്ഠത്തിൽ ഒരു തേങ്ങൽ വന്ന് കുടുങ്ങി നിൽക്കുന്നു.  ഒന്നു പൊട്ടിക്കരയാൻ മോഹിക്കുന്നു.

@